# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1066 — 12/07/2016 -ൽ മറുപടിയ്ക്ക്

## മാവേലിക്കര തെക്കേക്കര പഞ്ചായത്തിനെ കേരഗ്രാമമാക്കുന്നതിനുള്ള നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ആർ. രാജേഷ്** | **ശ്രീ. വി.എസ്.സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| എ) മാവേലിക്കര മണ്ഡലത്തിലെ തെക്കേക്കര പഞ്ചായത്തിനെ കേര ഗ്രാമമാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; നിലവിൽ ഇതിനുള്ള നിർദ്ദേശമുണ്ടോ; | എ) 2016-17 വർഷത്തെ കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിന് മാവേലിക്കര മണ്ഡലത്തിലെ തെക്കേക്കര-ചെട്ടികുളങ്ങര പഞ്ചായത്തുകളെ തിരഞ്ഞെടുത്തിട്ടുണ്ട്. |
| ബി) കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | ബി) 500 ഹെക്ടർ സ്ഥലത്ത് കേര കൃഷിയുള്ള പഞ്ചായത്തുകളെയാണ് കേര ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. പദ്ധതിക്കനുയോജ്യമായ പഞ്ചായത്തുകളെ ജില്ലാതലത്തിലാണ് തീരുമാനിക്കുന്നത്. ഒരു പഞ്ചായത്തിൽ 500 ഹെക്ടർ കേര കൃഷി വിസ്തൃതി ഇല്ലെങ്കിൽ തൊട്ടടുത്തുള്ള പഞ്ചായത്തുകളെ കൂടി ഉൾപ്പെടുത്തി കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിന് അനുവാദം നല്കിയിട്ടുണ്ട്. സ്വന്തമായി ഒരു തെങ്ങെങ്കിലും ഉള്ള കർഷകൻ പദ്ധതിയുടെ ഗുണഭോക്താവാണ്. |

| | |
|---|---|
| സി) തെക്കേക്കര പഞ്ചായത്തിനെക്കൂടി അടിയന്തരമായി കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി എടുക്കുമോ? | സി) മാവേലിക്കര മണ്ഡലത്തിലെ തെക്കേക്കര, ചെട്ടികുളങ്ങര പഞ്ചായത്തുകൾ ചേർത്ത് കേരഗ്രാമം പദ്ധതി 2016-17 വർഷം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

S. [signature]

**സെക്ഷൻ ഓഫീസർ**